കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി15/1141 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 02/09/2023
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2)ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി15/1141 /2023 തീയ്യതി: 02/09/2023

കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സാബു സി ജോർജ്ജ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	21-06-2023	27-06-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)

21-06-2023	27-06-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ,ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത്ത് എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ യോഗേഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ബൈജു ജോൺ	പ്രസിഡന്റ്	01-04-2022	31-10-2022
ശ്രീമതി സിന്ധുമോൾ ജേക്കബ്	പ്രസിഡന്റ്	31-10-2022	16-11-2022
ശ്രീ ജോൺസൺ പുളിക്കീൽ	പ്രസിഡന്റ്	17-11-2022	31-03-2023
ശ്രീ പ്രദീപ് എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2022	09-05-2022
ശ്രീ ഷാജി ജേക്കബ്	സെക്രട്ടറി	09-05-2022	30-06-2022
ശ്രീ പ്രദീപ് എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	30-06-2022	05-07-2022
ശ്രീ. ഷാജി എം.ഇ.	സെക്രട്ടറി	05-07-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ദിലീപ്കുമാർ പി റ്റി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി ജയശ്രീ എം	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി ടിൻസി രാമകൃഷ്ണൻ	ശിശുവികസനപദ്ധതി ഓഫീസർ	01-04-2022	31-03-2023
ഡോ.സാം പോൾ	സൂപ്രണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ കുറവിലങ്ങാട്	01-04-2022	27-02-2023

ഡോ.ആരതി രഞ്ജിത്ത്	സൂപ്രണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ കുറവിലങ്ങാട്	28-02-2023	31-03-2023
ഡോ.ജെസ്സി ജോയി	സൂപ്രണ്ട് കെ ആർ എൻ എം എസ് ഹോസ്പിറ്റൽ ഉഴവൂർ	01-04-2022	31-03-2023
ശ്രീ ലതീഷ് കുമാർ പി	ക്ഷീരവികസന ഓഫീസർ	01-04-2022	31-03-2023
ശ്രീ സിന്ധു കെ മാത്യൂ	അസിസ്റ്റന്റ് ഡയറക്ടർ കൃഷി	01-04-2022	31-03-2023
ശ്രീമതി അനിതാ എ.യു.	പട്ടികജാതി വികസന ഓഫീസർ	01-04-2022	16-08-2022
ശ്രീ പ്രേം രാജൻ പി. വി.	പട്ടികജാതി വികസന ഓഫീസർ	16-08-2022	31-03-2023
ഡോ.വി എൻ സുകുമാരൻ	മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്, സി.എച്ച്.സി., രാമപുരം	01-04-2022	31-03-2023
ഡോ.സജിതാ ജോർജ്ജ്	മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്,, സി.എച്ച്.സി., കടപ്ലാമറ്റം	01-04-2022	31-03-2023

ശ്രീമതി സിന്ധുമോൾ ജേക്കബ് പ്രസിഡന്റ് താത്കാലിക ചുമതല.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-2
4	പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.	1-1-3
5	സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ അധികരിച്ചു	1-1-4
6	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്നതിന് അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.	1-1-5
7	വാടക ഡി.സി.ബി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-1-6
8	നിക്ഷേപ പ്രവൃത്തിക്കായി മുൻകൂർ നൽകിയ തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.	1-1-7
9	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)ഫണ്ടിന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് വാർഷികകണക്ക്, ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	സർക്കാരിലേക്ക് തിരികെയെടുത്ത തുകകൾ ബി 4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്നു	1-1-9
11	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഫണ്ട് വിനിയോഗം	1-4
15	വാർഷികപദ്ധതി	1-5
16	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി	1-6
17	സാമൂഹ്യസുരക്ഷ പദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	വാടക – കുടിശ്ശിക ഈടാക്കേണ്ടതാണ്	1-11

22	പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-12
23	അമ്പലം കുടിവെള്ള പദ്ധതിക്ക് വാട്ടർ ഫിൽട്രേഷൻ യൂണിറ്റ് സ്ഥാപിക്കൽ-അധികം തുക നൽകി	1-13
24	ഐ.എ.വൈ ഭവനപദ്ധതി- ലോൺ തുക യഥാസമയം തിരിച്ചടച്ചില്ല- മുതൽ, പലിശയിനങ്ങളിൽ ഭീമമായ കുടിശ്ശിക	1-14
25	പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ഡസ്റ്റ് റിമൂവർ വാങ്ങൽ -പ്രർത്തനക്ഷമമാക്കിയില്ല	1-15
26	ബയോമെടിക് പഞ്ചിംഗ് മെഷീൻ - മെഷീൻ സ്ഥാപിച്ചിട്ടില്ല	1-16
27	ഉഴവൂർ കെ ആർ എൻ എം എസ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് - കാര്യക്ഷമമായ തുടർപ്രവർത്തനം - അനിവാര്യം	1-17
28	രാമപുരം കുടുംബാരോഗ്യകേന്ദ്രം - ലിഫ്റ്റ് പ്രവർത്തനക്ഷമമല്ല.	1-18
29	ജെറിയാടിക് പാർക്ക് - നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് പ്രയോജനപ്പെടുത്തിയിട്ടില്ല.	1-19
30	വനിതാ ഫിറ്റ്നെസ്സ് സെന്റർ - തുടർപ്രവർത്തങ്ങൾ സജ്ജമാക്കാത്തത്	1-20
31	കുടിവെള്ളപദ്ധതികൾ -പ്രോജക്ട് സമഗ്രമായി തയ്യാറാക്കപ്പെടുന്നില്ല	1-21
32	കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രം- മുൻകൂറായി തുക ചെലവഴിച്ചെങ്കിലും ലാപ്ടോപ് ലഭ്യമായില്ല	1-22
33	കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രം - പ്രോജക്ട് നിർവ്വഹണം - 6618/- രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമായില്ല	1-23
34	പഠനമുറി നിർമ്മാണം -പൂർത്തിയാക്കിയിട്ടില്ല.	1-24
35	രാമപുരം കുടുംബാരോഗ്യകേന്ദ്രം - പ്രോജക്ട് ചെലവ് വിവരങ്ങൾ /രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല.	1-25
36	കില സി.എച്ച്.ആർ.ഡി വനിതാ ഹോസ്റ്റലിന് വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-26
37	രാമപുരം സി എച്ച് സി നവീകരണം - അനുബന്ധപ്രവർത്തനങ്ങൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.	1-27
38	വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല	1-28
39	ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ വിവരങ്ങൾ ലഭ്യമല്ല	1-29

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.	4-2
3	ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.05.2023 തീയതിയിലെ 7(13) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 17.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ

വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1-1-2 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരമുള്ള മാർക്കറ്റ്, ബസ് സ്റ്റാന്റ്, റോഡുകൾ തുടങ്ങിയ ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളാണോ എന്നതിൽ വ്യക്തതയില്ല.

1-1-3 പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

31/03/2023 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

1-1-4 സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ അധികരിച്ചു

ബി-11 ഷെഡ്യൂൾ പ്രകാരം 31/03/2023 ലെ വാഹനങ്ങളുടെ ആസ്തിമൂല്യം 2960813 രൂപയും സഞ്ചിത മൂല്യശോഷണം 4286574 രൂപയുമാണ്. സഞ്ചിത മൂല്യശേഷണം ആസ്തിമൂല്യത്തേക്കാൾ അധികരിച്ചതായി കാണുന്നു.

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്നതിന് അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ (ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-1-6 വാടക ഡി.സി.ബി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 (3 എ) പ്രകാരം വാടക വരവിന്റെ 2022-23 ഡി.സി.ബി., കുടിശിക ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

1-1-7 നിക്ഷേപ പ്രവൃത്തിക്കായി മുൻകൂർ നൽകിയ തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.

പ്രോജക്ട് നം.187/23 (ചിറക്കുളം ചിൽഡ്രൻസ് പാർക്ക് വൈദ്യുതി കണക്ഷൻ) പ്രകാരം കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 31094/- രൂപ നിക്ഷേപ ശീർഷകത്തിൽ (460500202) അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-8 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)ഫണ്ടിന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് വാർഷികകണക്ക്, ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ടിന്റെ എ.സി.ആർ. പ്രകാരമുള്ള തൻ വർഷ ചെലവ് 6709979 രൂപയും വാർഷികകണക്ക്, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ചെലവ് 6706809 രൂപയുമാണ്.

1-1-9 സർക്കാരിലേക്ക് തിരികെയെടുത്ത തുകകൾ ബി 4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്നു

സംയുക്ത പ്രോജക്ടിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വിഹിതം സൂക്ഷിക്കുന്ന ട്രഷറി അക്കൗണ്ടിൽ (STSB 1848) അവശേഷിച്ച 4122236 രൂപ 21/03/22 ലും STSB 79901290001081 നമ്പർ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 113800 രൂപ 26/03/22 ലും സർക്കാർ തിരികെ എടുത്തതിനാൽ നീക്കിയിരിപ്പില്ല. എന്നാൽ ബി4 ഷെഡ്യൂളിൽ 320700205 എന്ന ശീർഷകത്തിൽ 4122236 രൂപയും 350200301 എന്ന ശീർഷകത്തിൽ 113800 രൂപയും ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്.

1-1-10 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ (1467258) കൃത്യത രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 21.03.2023 തീയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത് (Budget)	2022-23 R&P പ്രകാരം
മുന്നിരിപ്പ്	3877958	12412897
വരവ്	215836470	63510514
ആകെ	219714428	75923411

ചെലവ്	216813374	66698083
നീക്കിയിരിപ്പ്	2901054	9225328

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

മുന്നിരിപ്പ്	12412897
ഓഡിറ്റ് വർഷത്തെ വരവ്	63510514
ആകെ	75923411
ഓഡിറ്റ് വർഷത്തെ ചെലവ്	66698083
നീക്കിയിരിപ്പ്	9225328
വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	48,25,750

2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംക്ഷിപ്ത വിവരം

ഇനം	തുക
ആകെ വരുമാനം	520,86,932
ആകെ ചെലവ്	61,773,335
വരുമാനമിച്ചം/പ്രവർത്തന നഷ്ടം	(9,686,403)
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	--
അറ്റ വരുമാനമിച്ചം/അറ്റ പ്രവർത്തന നഷ്ടം	(9,686,403)

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	പ്രാരംഭ ബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായതുക	ചെലവ് ശതമാനം
വികസന ഫണ്ട് (ജനറൽ)	0	26864000	26864000	23648530	3215470	88
വികസന ഫണ്ട് (എസ്.സി.പി)	0	8933000	8933000	8286778	646222	92.77
വികസനഫണ്ട്(ടി.എസ്.പി)	0	341000	341000	341000	0	100
മെയിന്റനൻസ് ഗ്രാന്റ്,	0	7277000*	7277000	6706809	570191	92

നോൺ-റോഡ്						
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്	3157883	7189721**	10347604	7414286	2933318	71.65
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	2196456	4492593	6689049	6127554	561495	91.6

* സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ 08.04.22 ലെ സ.ഉ(സാധാ)നം.2862/2022/ധന. ഉത്തരവ് പ്രകാരം ഒന്നാം ഗഡുവായി 8030000 രൂപ അനുവദിച്ചിരുന്നു. എന്നാൽ 05.09.2022 ലെ സ.ഉ(സാധാ)നം.6267/2022/ധന. ഉത്തരവ് പ്രകാരം 3178667 രൂപ സർക്കാരിലേക്ക് തിരികെ മുതൽ കൂട്ടിയിട്ടുണ്ട്. തുടർന്ന് 05.12.2022ലെ സ.ഉ(സാധാ)നം.8253/2022/ധന. ഉത്തരവ് പ്രകാരം മൂന്നാം ഗഡുവായി 2425667 രൂപയും അനുവദിച്ചു. ആയതിനാൽ സംരക്ഷണ ഗ്രാന്റ് -റോഡിതരത്തിലുള്ള തൻ വർഷത്തെ യഥാർത്ഥ വരവ് 7277000 രൂപയാണ് (8030000-3178667+2425667).

** ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ടിൽ മുൻവർഷം ലാപ്സായ 692721 രൂപ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം തൻ വർഷം ക്യാരി ഓവർ വിഹിതമായി ലഭിച്ചിട്ടുണ്ട്.

ഗ്രാന്റുകളുടെ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. സർക്കാർ ഗ്രാന്റുകളുടെ വിനിമയം വ്യക്തമാക്കുന്ന 2022-23 ലെ ഗ്രാന്റ് പത്രിക (Grant Statement) പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 161593/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക എ.സി.ആർ-ൽ അലോട്ട്മെന്റായി ചേർത്തിട്ടില്ല.

3. 2021-22 വർഷം വിവിധ പ്രോജക്റ്റുകൾക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വന്ന ചെലവുകൾ 2021-22ലെ ചെലവ് പത്രികയിലും, സാംഖ്യ എ.സി.ആർ.ലും ഉൾപ്പെട്ടിരുന്നെങ്കിലും ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ഡെബിറ്റ് ആയത് 2022-23 വർഷത്തിലാണ്. പ്രസ്തുത തുകകൾ കൂടി 2022-23 വർഷത്തെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 വാർഷികപദ്ധതി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19/04/2022 ജി.ഒ.(എം.എസ്) 84/22 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനു തുടർച്ചയായി പാലിക്കേണ്ട ആസൂത്രണനടപടികളും നിബന്ധനകളും സംബന്ധിച്ച മാർഗ്ഗരേഖാ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിൽ മുഖ്യപങ്ക് വഹിക്കേണ്ട വർക്കിംഗ്

ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്നാണ് മിനിറ്റ്സ് രേഖകളിൽനിന്നും വ്യക്തമാകുന്നത്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനഘട്ടം	തീയതി
ആസൂത്രണസമിതിയോഗം	01.01.22
വർക്കിംഗ് ഗ്രൂപ്പ് യോഗം	19.05.22
പദ്ധതി രൂപീകരണ ഗ്രാമസഭ	17.05.2022
വികസനസെമിനാർ	31.05.2022
പദ്ധതി അന്തിമ അംഗീകാരം	82898/22/DPC/DPO/KTM തീയതി 06.03.23

വികസനസെമിനാറിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

<u>വാർഷികപദ്ധതി</u>

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 104322884/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 148 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 122 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം 51335851/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷികപദ്ധതിച്ചെലവ് 49%.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

2022-23 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	വിഭാവനം ചെയ്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൽ	അംഗീകാരം കിട്ടിയ പ്രോജക്ടുകൾ വകയിരുത്തിയ തുക	നടപ്പാക്കിയ പ്രോജക്ടുകൾ ചെലവഴിച്ച തുക	ചെലവ് ശതമാനം
സെക്രട്ടറി	40	30	48632878	15169388	32
സി.ഡി.പി.ഒ.	11	10	3945157	3893997	98.7
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	6	6	3535000	3333377	94

അസിസ്റ്റന്റ് എൻജിനീയർ	49	35	25754364	12640385	49
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,	25	25	8616284	5225946	62
പട്ടികജാതി വികസന ഓഫീസർ	2	2	4220000	3918534	93
അസിസ്റ്റന്റ് ഡയറക്ടർ, കൃഷി	4	3	3620993	1620993	45
മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	8	8	2623208	2557328	97
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ	3	3122	3375000	2775903	83
ആകെ	148	122	104322884	51335851	49

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് വിവിധ ഉപമേഖലകൾക്കായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു.

സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ. എന്നാൽ ഓരോ വിഷയമേഖലയുടേയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമായിരുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് പ്രോജക്ട് നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിക്കുന്നതിലും തുടർനിരീക്ഷണം നടത്തി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിലും ചുമതല തൃപ്തികരമായി നിറവേറ്റിയിട്ടില്ല.

<u>വാർഷികപദ്ധതി – വിലയിരുത്തൽ</u>

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തീകരിക്കുന്ന ഘട്ടത്തിലാണ് പതിനാലാം പഞ്ചവൽസര പദ്ധതി ആരംഭിക്കുന്നത്. സംസ്ഥാനത്തിന്റെ സുസ്ഥിരമായ വികസനമാണ് പതിനാലാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്യുന്നത്. ഉദ്പാദനക്ഷമത, സാമ്പത്തിക വളർച്ച, ഉപജീവന സുരക്ഷ, സുസ്ഥിര വികസനം, സാമൂഹ്യ സുരക്ഷ, മേൽപ്പറഞ്ഞവ കൂടാതെ

കോവിഡാനന്തര സാമ്പത്തിക മാന്ദ്യം പരിഹരിയ്ക്കുക എന്നീ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാന സർക്കാരിനോടൊപ്പം തദ്ദേശസ്ഥാപനങ്ങളും ഒന്നിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ വികസന ദൗത്യങ്ങൾ ഏകോപിപ്പിക്കേണ്ടത് തദ്ദേശഭരണ തലത്തിലാണ്.

ഓഡിറ്റ വർഷം ഉഴവൂർ ബ്ലോക്കിൽ സേവനമേഖലയ്ക്ക് ഊന്നൽ നൽകിയ പദ്ധതി നിർവ്വഹണമാണ് ഏറ്റെടുത്തത്. ജില്ലയിലെ സുപ്രധാന സർക്കാർ ആശുപത്രികൾ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് എന്ന നിലയിൽ ആതുര ശുശ്രൂഷ രംഗത്ത് മികച്ച രീതിയിൽ പ്രോജക്ടു നിർവ്വഹണം നടത്തിയിട്ടുണ്ട്. രേഖകൾ സൂക്ഷിയ്ക്കുന്നതിലും അന്വേഷണക്കുറിപ്പുകൾക്ക് മറുപടി നൽകുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. സാന്ത്വനം പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് ഉപകരണങ്ങളും മരുന്നുകളും വാങ്ങുന്നതിനായും പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.

* ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ബ്ലോക്കിന്റെ കീഴിൽവരുന്ന ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കായി ലൈഫ് പദ്ധതിയിൽപ്പെടുത്തി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്.

* വയോജനക്ഷേമം ലക്ഷ്യമാക്കി നടപ്പാക്കിയ ജെറിയാട്രിക് പാർക് നിർമ്മാണം ലക്ഷ്യമിട്ടിരുന്നെങ്കിലും പാർക്ക് നിലവിലും യാഥാർത്ഥ്യമായിട്ടില്ല. ചെലവഴിച്ച തുകയ്ക്ക് അനുസൃതമായ ഭൗതികനേട്ടം ആർജ്ജിച്ചിട്ടില്ല.

വനിതാ ശിശുക്ഷേമ മേഖലയിൽ കുട്ടികളുടെ പാർക്കിനായും, വിവിധ പഞ്ചായത്തുകളിൽ ഫിറ്റ്നെസ് സെന്ററുകൾ തുടങ്ങുന്നതിനായും വൻ തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും മാഞ്ഞൂർ പഞ്ചായത്തിലൊഴികെ മറ്റൊരു പഞ്ചായത്തിലും ഫിറ്റ്നെസ് സെന്ററുകൾ പ്രവർത്തന ക്ഷമമായിട്ടില്ല.

<u>മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം</u>

ആകെ വിഭാവനം ചെയ്ത 49 പ്രോജക്ടുകളിൽ 35 എണ്ണം നിർവ്വഹണം നടത്തിയിട്ടുണ്ട്. വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ പൂർത്തീകരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ആതുരചികിത്സാ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ആശുപത്രികൾക്ക് നവീകരണപ്രവൃത്തികൾ, അങ്കണവാടികളുടെ മെയിന്റനൻസ്, കളിസ്ഥല നിർമ്മാണം, നവീകരണം, വനിതാ വ്യവസായകേന്ദ്രം നവീകരിക്കൽ, ജെറിയാട്രിക് പാർക്ക് നവീകരിക്കൽ എന്നിവയായിരുന്നു പ്രധാന പ്രോജക്ടുകൾ. ഉഴവൂർ പഞ്ചായത്തിലെ ജെറിയാട്രിക് പാർക്ക് നവീകരണത്തിനും, ഉപകരണങ്ങൾ വാങ്ങുന്നതിനും (സിഡിപിഒയുടെ പ്രോജക്ട്) വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല. ഓഡിറ്റവർഷം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ 31 ലക്ഷം ചെലവഴിച്ച് പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ച ഓപ്പൺ സ്റ്റേജ് ഓഡിറ്റോറിയം മികച്ച രീതിയിൽ നിർമ്മാണം നടത്തി പ്രയോജനപ്പെടുത്തുന്നത് അഭിനന്ദനാർഹമാണ്.

നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകളുടെ ഫലപ്രദമായ ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തുന്നതിലേക്കായി മോണിറ്ററിഗ് സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും മേൽനോട്ടവും ഇടപെടലും ഉണ്ടാകേണ്ടതുണ്ട്. നടപ്പാക്കിയിട്ടുള്ള എല്ലാ

പ്രോജക്ടുകളുടേയും നേരിട്ടുള്ള പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന സാഹചര്യം ഉറപ്പക്കേണ്ടതുമാണ്.

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ക്ഷേമപദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
മിശ്രവിഭാഗ ധനസഹായം	30,000/-	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/06/2023 തീയതിയിൽ 03.30 പി. എം. ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 61,040/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം താരതമ്യേന തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണം അതാത് സ്റ്റാന്റിംഗ് കമ്മറ്റികളോ വർക്കിംഗ് ഗ്രൂപ്പുകളോ മോണിട്ടർ ചെയ്യുന്നില്ല. പ്രോജക്ട് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്ന പദ്ധതികളിൽ ടി സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരങ്ങൾ എന്നിവ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ അക്കൗണ്ട് ചെയ്യുന്നത് സാംഖ്യാ സോഫ്റ്റ്‌വെയറിലൂടെയാണ്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ടെങ്കിലും 2022-23 വർഷം രണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടാത്തത് അപാകതയാണ്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വാടകയുടെ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	08/06/2023 മുതൽ 20/06/2023 വരെ	01.04.2021 മുതൽ 31.03.2022 വരെ	ലഭ്യമായില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.07.2019 മുതൽ 08.07.2019 വരെ	2014-15 മുതൽ 2018-19 വരെ	No.LBA(HQ)11/1/8A-34/2019-20/275/05.08.2019

1-11 വാടക – കുടിശ്ശിക ഈടാക്കേണ്ടതാണ്

വാർഷികധനകാര്യപത്രിക ബി 15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ 327979/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു തൻവർഷ കുടിശ്ശിക – 231200, മുൻവർഷങ്ങളിലെ കുടിശ്ശിക – 96779). കുടിശ്ശികയുടെ വിശദാംശങ്ങൾ വാടക രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശികയുടെ വിശദാംശങ്ങൾ, ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/25.06.2023) ലഭ്യമാക്കിയ മറുപടിയിൽ തൻവർഷ കുടിശ്ശികയായി 2022-23 വാർഷികധനകാര്യപത്രിക കാണിച്ചിട്ടുള്ള 231200 രൂപ 2021-22 ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ മുൻവർഷ കുടിശ്ശികയാണെന്ന് അറിയിച്ചു. മേൽ തുക ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ വാടകയിനത്തിലുള്ള കുടിശ്ശികയാണെന്നും ആയത് ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നൽകിയ കേസിൽ (WP C – 34273/2019) 30.09.2022 മുതൽ ഒരാഴ്ചക്കകം വാടക ലഭ്യമാക്കിയില്ലെങ്കിൽ കെട്ടിടം ഏറ്റെടുക്കുന്നതിനും സാധനസാമഗ്രികൾ ലേലം ചെയ്യുന്നതിനും ഉത്തരവായതായും കോടതി ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ട കാലാവധിക്കുള്ളിൽ കുടിശ്ശിക അടവാക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. കാന്റീൻ കെട്ടിടത്തിന്റെ ഉൾപ്പെടെ വാടകയിനത്തിലുള്ള കുടിശ്ശിക പൂർണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂളിൽ അവശേഷിക്കുന്നതും പ്രത്യേക ആവശ്യത്തിന് വിവിധ

ഏജൻസികളിൽ നിന്നും ലഭിച്ചതുമായ തുകകൾ പൂർണ്ണമായും ചെലഴിക്കാതെയും തിരിച്ചടയ്ക്കാതെയും പഞ്ചായത്ത് ഫണ്ടിന് ബാദ്ധ്യതയായി അവശേഷിക്കുന്നതായി കാണുന്നു. ഇത്തരത്തിൽ ബാലൻസ് നിൽക്കുന്ന തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരമുള്ള ചുവടെ ചേർക്കുന്ന തുകകൾ ഏതൊക്കെ ആവശ്യത്തിന് ലഭിച്ചതാണെന്നും തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/24.06.23) ലഭ്യമാക്കിയ മറപടി ചുവടെ ചേർക്കുന്നു.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	വിവരണം	തുക	മറുപടി
1	320100199	Centrally Sponsored Schemes -Grants, Funds& Contributionds For Specific Purposes-Central Government	3630158	IWMP പദ്ധതികളുടെ മെയിന്റനൻസിനായി ഉൾപ്പെടുത്തിയ തുകയാണ്. ടി തുക തിരിച്ചടയ്ക്കേണ്ടാത്തതും മെയിന്റനൻസിനായി പൂർണ്ണമായും ഉപയോഗിക്കേണ്ടതുമാണ്.
2	320100203	Grants, Funds & Contributions For Specific Purposes-Other Central Government Grants- Solid Waste	191707	പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിനായുള്ളതും പ്ലാസ്റ്റിക് വില്പനയിലൂടെ ലഭിച്ച തുകയുമാണ്.
3	320100299	Grants, Funds & Contributions For Specific Purposes-Other Central Government Grants- Other Grants	66441	2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനത്തിനായി അനുവദിച്ച തുകയാണ്. ടി പ്രവർത്തനത്തിനായി നിയമിച്ച എന്യൂമെറേറ്റർമാർക്കും സൂപ്പർവൈസർമാർക്കും വേതനം നൽകുവാനുണ്ട്.

4	320200399	Grants, Funds & Contributions For Specific Purposes-Other Than Development Fund And State Sponsore	645044	ടി തുക ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള LSGD സബ്ഡിവിഷൻ ഓഫീസിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന വിർച്ച്വൽ ക്ലാസ് റൂം നിർമ്മാണത്തിനായി അനുവദിച്ചതിന്റെ ബാലൻസ് തുകയാണ്. ടി തുക വിർച്ച്വൽ ക്ലാസ് റൂമിന്റെ മെയിന്റനൻസിനായി വിനിയോഗിക്കുന്നു.
5	320300199	Grants, Funds & Contributions For Specific Purposes-Other Government Agencies	1114669	ടി തുകയിൽ 7,00,000 രൂപ പട്ടികജാതി വിഭാഗത്തിൽ അധിക ധനസഹായത്തിനായി അനുവദിച്ച തുകയാണ്. ബാലൻസ് തുകകൾ PMAY,വിവിധ പരിശീലന വപരിപാടികൾ എന്നിവയ്ക്ക് അനുവദിച്ച തുകയാണ്.

മേൽ പറഞ്ഞ തുകകൾ നിലവിൽ ബന്ധപ്പെട്ട പ്രോജക്ട് ഉണ്ടെങ്കിൽ ആയതിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുവാനോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരിച്ചടയ്ക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ബി4 ഷെഡ്യൂളിൽ ഇത്തരത്തിൽ ബാലൻസ് നിൽക്കുന്ന തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ സൂക്ഷിക്കേണ്ടതുമാണ്.

1-13 അമ്പലം കുടിവെള്ള പദ്ധതിക്ക് വാട്ടർ ഫിൽട്രേഷൻ യൂണിറ്റ് സ്ഥാപിക്കൽ- അധികം തുക നൽകി

പ്രോജക്ട് നം.	171/23
ചെലവ്	628182
ഫണ്ടിനം	ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ	439/24.03.2023
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

രാമപുരം ഗ്രാമപഞ്ചായത്തിലെ അമ്പലം കുടിവെള്ള പദ്ധതിക്ക് വാട്ടർ ഫിൽട്രേഷൻ യൂണിറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ഇ-ടെണ്ടർ മുഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത ട്രാവൻകൂർ ഹൈജീനിക്ക് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. ടെണ്ടർ സമയത്ത് പ്രസ്തുത സ്ഥാപനം 533600 രൂപയായിരുന്നു മേൽ പ്രവൃത്തിക്ക് വേണ്ടി ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ജി.എസ്.റ്റി ഒഴികെയുള്ള തുകയാണ് സ്ഥാപനം ക്വാട്ട് ചെയ്തതെന്നും ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുക ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സെക്രട്ടറി 20.02.23 ൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം യൂണിറ്റിന്റെ വിലയായി 537400 രൂപയും ജി.എസ്.റ്റി ഇനത്തിൽ 90782 രൂപയും ചേർത്ത് ആകെ 628182 രൂപയുടെ PROFORMA INVOICE സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതിനാൽ ടെണ്ടർ സമയത്ത് ക്വാട്ട് ചെയ്തതിനേക്കാൾ 3800 രൂപ (537400-533600) സ്ഥാപനത്തിന് അധികം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/24.06.23) മറുപടി ലഭ്യമാക്കിയില്ല. തുക അധികമായി നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും അധികമായി നൽകിയ തുക തിരികെ ഈടാക്കി ധനകാര്യകമ്മീഷൻ ഗ്രാന്റിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-14 ഐ.എ.വൈ ഭവനപദ്ധതി- ലോൺ തുക യഥാസമയം തിരിച്ചടച്ചില്ല- മുതൽ, പലിശയിനങ്ങളിൽ ഭീമമായ കുടിശ്ശിക

ഐ.എ.വൈ ഭവനപദ്ധതിയ്ക്കായി ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 30.04.2013 ലെ കരാറിന്റെ അടിസ്ഥാനത്തിൽ 1,26,00,000/- രൂപ ലോൺ എടുത്തിരുന്നു. ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 ലെ ഐ.എ.വൈ ഭൗതിക ലക്ഷ്യമായിരുന്ന 168 വീടുകൾക്കായി വീടൊന്നിന് 75,000 രൂപ പ്രകാരമാണ് 1,26,00,000/- രൂപ ലോൺ എടുത്തിരുന്നത്. 09.10.2013 ലെ സർക്കാർ ഉത്തരവ് നമ്പർ GO (MS)332/13/LSGD പ്രകാരം ടി വായ്പയുടെ മുതൽ പത്ത് തുല്യ ഗഡുക്കളായി പത്ത് വർഷം കൊണ്ട് അടച്ചു തീർക്കണമെന്നും, പലിശ സർക്കാർ നേരിട്ട് നൽകുമെന്നും വ്യക്തമാക്കിയിരുന്നെങ്കിലും തുക തിരിച്ചടച്ചിരുന്നില്ല. തുക തിരികെ അടയ്ക്കാതിരുന്നതിനാൽ സഹകരണ ബാങ്ക് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (WP(C) 30703/2016) കേസ് നിലവിൽ നടന്നുവരികയുമാണ്. 2019-20 വർഷത്തിൽ 20,44,947/- രൂപ ബ്ലോക്ക് പഞ്ചായത്ത് മുതൽ ഇനത്തിൽ അടവാക്കിയിരുന്നു. പലിശ തുക സർക്കാരിൽ നിന്നും അടച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ബാങ്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/23ൽ, മുതൽ ഇനത്തിൽ 1,05,55,053/- രൂപയും പലിശ ഇനത്തിൽ 1,33,63,388/- രൂപയും തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത ലോൺ തുക തിരികെ അടവാക്കാത്തതിന് വിശദീകരണവും തുക അടവാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/26.06.23) ലോൺ തുക തിരികെ അടയ്ക്കുന്നതിന് വരും വർഷങ്ങളിൽ പദ്ധതിയിൽ തുക വകയിരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗം തീരുമാനമെടുത്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി 10,00,000/- രൂപ 15.05.2023 തീയതിയിൽ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും

മറുപടി ലഭ്യമാക്കി. ബാങ്കിൽ നിന്നുള്ള 18.05.2023 ലെ കത്ത് പ്രകാരം ടി തുക വരവ് വെച്ചതിന് ശേഷം മുതൽ ഇനത്തിൽ 95,55,053/- രൂപയും പലിശ ഇനത്തിൽ 1,35,09,785/- രൂപയുമാണ് അടവാക്കുവാൻ അവശേഷിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതത്തിൽ അവശേഷിച്ചിരുന്ന 41,22,236 രൂപ 21.03.2022-ൽ സർക്കാർ തിരിച്ചെടുത്തിരുന്നു. പ്രസ്തുത തുക ലോൺ തിരിച്ചടവിന് ഉപയോഗിക്കുവാനുള്ള സാദ്ധ്യത ബ്ലോക്ക് പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല. പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിന് നിലവിൽ കത്തിടപാടുകൾ നടക്കുന്നുണ്ട്. യഥാസമയം മുതൽ തുക തിരികെ അടവാക്കാത്തതിനാൽ ഭീമമായ തുക പലിശയിനത്തിൽ സർക്കാരിന് അടയ്ക്കേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ടി വിഷയത്തിലേക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ലോൺ ഇനത്തിലുള്ള മുതൽ അടിയന്തിരമായി അടച്ചു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പലിശ തുക അടവാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ഡസ്റ്റ് റിമൂവർ വാങ്ങൽ -പ്രർത്തനക്ഷമമാക്കിയില്ല

പ്രോജക്ട് നം/പേര്	184/23, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് അറ്റകുറ്റപണികളും – ഡസ്റ്റ് റിമൂവർ വാങ്ങലും
ചെലവ്	5,00,000/-
ഫണ്ടിനം	ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ	438/24.03.2023
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് ഡസ്റ്റ് റിമൂവർ എന്ന ഉപകരണം "GeM" മുഖേന ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 24.06.2023-ൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ നടത്തിയ പരിശോധനയിൽ ഡസ്റ്റ് റിമൂവർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ ടി ഉപകരണവും ഉപയോഗമില്ലാതെ നിഷ്ക്രിയമായി തുടരുകയാണ്. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/24.06.2023) നിലവിൽ ഷ്രെഡ്ഡിംഗ് മെഷീന്റെ ബ്ലേഡുകൾ തകരാറിലായതിനാൽ പ്രവർത്തന രഹിതമാണെന്നും വിവിധ പഞ്ചായത്തുകളിൽ നിന്നും കൊണ്ടുവന്ന് നിക്ഷേപിച്ച മാലിന്യങ്ങൾ ഇനിയും ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുവാൻ ബാക്കിയുണ്ടെന്നും ഷ്രെഡ്ഡിംഗ് യൂണിറ്റ് ലീസിന് നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും ഒരു മാസത്തിനുള്ളിൽ തന്നെ ഡസ്റ്റ് റിമൂവർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതാണെന്നും മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. യൂണിറ്റുകൾ പ്രവർത്തനക്ഷമമാകുന്നതുവരെ തൻ വർഷം ചെലവഴിച്ച 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഷ്രെഡ്ഡിംഗ് യൂണിറ്റും അതോടൊപ്പം ഡസ്റ്റ് റിമൂവർ മെഷീനും പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 ബയോമെട്രിക് പഞ്ചിംഗ് മെഷീൻ - മെഷീൻ സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് നം.	172/23, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ
ചെലവ്	26877
ഫണ്ടിനം	തനത് ഫണ്ട്
ചെക്ക് നം.	2110466/27.03.23
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 100000/- രൂപ വകയിരുത്തുകയും മെഷീന്റെ ആകെ തുകയായ 53754/- രൂപയുടെ 50% ആയ 26877/- രൂപ മുൻകൂറായി കെൽട്രോണിന് തൻവർഷം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മെഷീൻ ലഭ്യമായതിന്റേയോ ആയത് സ്ഥാപിച്ചതിന്റേയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/26.06.23) നിലവിൽ മെഷീൻ കെൽട്രോൺ സപ്ളൈ ചെയ്തത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും കെൽട്രോണിൽ നിന്ന് ആൾ വന്ന് മെഷീൻ സ്ഥാപിച്ചതിന് ശേഷമേ പഞ്ചിംഗ് മെഷീൻ സ്റ്റോക്കിൽ ചേർക്കുകയും ബാക്കി തുക നൽകുകയും ചെയ്യുകയുള്ളുവെന്നും മെഷീന്റെ ബില്ലും അനുബന്ധ രേഖകളും ലഭ്യമായിട്ടില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

1-17 ഉഴവൂർ കെ ആർ എൻ എം എസ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് - കാര്യക്ഷമമായ തുടർപ്രവർത്തനം - അനിവാര്യം

പ്രോജക്ട്	ഉഴവൂർ കെ ആർ എൻ എം എസ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടർപ്രവർത്തനങ്ങൾ ദൈനംദിനചെലവുകൾ വേതനം നൽകൽ 110/22-23
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,

	കെ ആർ എൻ എം എസ് ആശുപത്രി, ഉഴവൂർ
അടങ്കൽ	85123 – അടങ്കൽ 2400000 - ഗ്രാമപഞ്ചായത്ത് വിഹിതം 414877-മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവഴിച്ച തുക	414877-മെയിന്റനൻസ് ഫണ്ട് റോഡിതരം

ഉഴവൂർ കെ ആർ എൻ എം എസ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ തുടർപ്രവർത്തനങ്ങൾക്കായി തനത് ഫണ്ട്, മെയിന്റനൻസ് ഫണ്ട് (റോഡിതരം), ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട 8 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 300000 രൂപ വീതം വിഹിതം എന്നിവ ഉൾപ്പെടുത്തിയാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ നിന്നും വിഹിതം ലഭ്യമായതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/25.06.2023) മറുപടി ലഭ്യമാക്കിയില്ല. കോട്ടയം ജില്ലാപഞ്ചായത്ത്, മറ്റ് സന്നദ്ധസംഘടനകൾ/വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ 97 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾക്ക് നിലവിൽ ആശ്രയിക്കുന്നത് എച്ച് എം സി ഫണ്ടിനെയാണ്. ആയത് അപര്യാപ്തമാണെന്ന് ഹോസ്പിറ്റൽ അധികൃതർ ഓഡിറ്റ് വേളയിൽ അറിയിച്ചു. ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമായി നിലവിൽ ഒരു വർഷത്തിൽ അധികമേ ആയിട്ടുള്ളു. തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക മറ്റ് സ്ഥാപനങ്ങളുടെ സഹായത്തോടെയോ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നോ കണ്ടെത്തി ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം തുടരുന്നതിനാവശ്യമായ നടപടികൾ തുടർവർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. രോഗികൾക്ക് അമിതഭാരമാവാത്ത വിധം യൂസർഫീ ഈടാക്കി ഡയാലിസിസ് യൂണിറ്റിന്റെ തുടർ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്.

കൂടാതെ മേൽ പ്രോജക്ടിനായി 20/10.03.23 ബിൽ പ്രകാരം 265901 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും ഡയാലിസിസ് യൂണിറ്റിനുള്ള അനുബന്ധസാമഗ്രികൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. എന്നാൽ ആയവ ലഭ്യമായതായി കാണുന്നില്ല. ഡയാലിസിസ് അനുബന്ധസാമഗ്രികൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, മരുന്നുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/23.06.2023) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത സാമഗ്രികളുടെ വിലയായ 2,65,901/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഡയാലിസിസ് അനുബന്ധസാമഗ്രികൾ ലഭ്യമാകുന്ന മുറയ്ക്ക്

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 രാമപുരം കുടുംബാരോഗ്യകേന്ദ്രം - ലിഫ്റ്റ് പ്രവർത്തനക്ഷമമല്ല.

പ്രോജക്ട്	രാമപുരം സി എച്ച് സി - മെയിന്റനൻസ് എ എം സി ചാർജ്ജ് നൽകൽ 191/22-23
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി, രാമപുരം
അടങ്കൽ തുക/ഫണ്ടിനം	150000 – തനത് ഫണ്ട്
ചെലവഴിച്ച തുക	108000 (452/27.03.2023)

മേൽ പ്രോജക്ട് പ്രകാരം രാമപുരം സി എച്ച് സിയിലെ ലിഫ്റ്റിന്റെ എ എം സി ചാർജ്ജിനത്തിൽ 108000/- രൂപ ചെലവഴിച്ചതായി കാണുന്നു. എ എം സി കരാറിൽ ഏർപ്പെട്ടിട്ടുള്ള എസ്കോൺ എലവേറ്റേർസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 03.11.2022 ലെ ESC/KH/12193/22 ഓഫർ ലെറ്റർ പ്രകാരം മേൽ തുക 20.11.2022 മുതൽ 19.11.2023 വരെയുള്ള കാലയളവിനാണ് അടവാക്കിയിട്ടുള്ളത്. 24.06.2023 ൽ നടത്തിയ രാമപുരം സി എച്ച് സിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ലിഫ്റ്റ് പ്രവർത്തിക്കുന്നില്ലാത്തതായി കണ്ടു. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/25.06.2023) മറുപടി ലഭ്യമാക്കിയില്ല. ലിഫ്റ്റ് പ്രവർത്തനസജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലിഫ്റ്റ് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 1,08,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ജെറിയാട്രിക് പാർക്ക് - നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് പ്രയോജനപ്പെടുത്തിയിട്ടില്ല.

വയോജനക്ഷേമം ലക്ഷ്യമാക്കി ഉഴവൂർ ഗ്രാമപഞ്ചായത്തിൽ ചിറയിൽക്കുളത്തിനുസമീപം നിലവിലുള്ള പകൽവീടിനോട് ചേർന്ന് പാർക്ക് നിർമ്മിക്കുന്നതിനും അവിടെ വൃദ്ധജനങ്ങളുടെ മാനസികോല്ലാസത്തിനായി ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 2021-22 സാമ്പത്തിക വർഷം ആവിഷ്കരിച്ച പ്രോജക്ട് നിർവ്വഹണത്തിന്റെ (115/22) ഭാഗമായി 597750/- രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയിരുന്നു. പാർക്ക് സജ്ജമാക്കുന്നതിനുമുൻപ് തന്നെ പാർക്കിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയ ഉപകരണങ്ങൾ നിലവിൽ പകൽ വീടിന്റെയും കുട്ടികളുടെ പാർക്കിന്റെയും മധ്യ ഭാഗത്തായാണ് സ്ഥാപിച്ചത്. മേൽ സൂചിത പ്രോജക്ടു നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കണ്ടെത്തിയിരുന്നു.

* വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും സ്ഥാപിക്കാതിരുന്നതും സ്ഥാപിച്ചതിനുശേഷം ഇളക്കിമാറ്റിയ സാഹചര്യവും ശ്രദ്ധയിൽപ്പെട്ടു (24.06.2023-ൽ നടത്തിയ ഭൗതിക പരിശോധനയിൽ പകൽ വീട്ടിൽ ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു). പ്രോജക്ടിന്റെ അനിവാര്യതയും പ്രായോഗികതയും പരിശോധിക്കാതെ പദ്ധതി ആസൂത്രണം

ചെയ്യതിനാൽ നിർവ്വഹണത്തിലും പാളിച്ചകൾ ഉണ്ടായി.

* സ്ഥാപിച്ചിരിയ്ക്കുന്ന ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല (തുറസ്സായ സ്ഥലത്ത് സ്ഥാപിച്ചിരിയ്ക്കുന്ന ഉപകരണങ്ങൾ ഭൗതിക പരിശോധനയിൽ ചേറും, പൊടിയും പറ്റി വൃത്തിഹീനമായി കാണപ്പെട്ടു).

* ഓഡിറ്റ് വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 121/23 നമ്പർ പ്രോജക്ട് പ്രകാരം 3,00,000 രൂപ എസ്റ്റിമേറ്റിൽ Earthwork For Compound And Ground, CC Work For Compound, Interlock Tiles For Road And Foot Path, Handrails For Park, എന്നീ പ്രവൃത്തികൾ ചെയ്യേണ്ടിയിരുന്നു. ആയതിൽ Interlock Tiles For Road And Foot Path ഒഴികെ മറ്റെല്ലാ പ്രവൃത്തികളും 261765/- (ബിൽ നം. 498/29.03.2023) പദ്ധതി വിഹിതം ചെലവഴിച്ച് പൂർത്തീകരിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി സ്സിൽ ഓവറായി നിർവ്വഹിയ്ക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. തുടർനടപടികൾ സ്വീകരിച്ച് ജെറിയാട്രിക് പാർക്ക് പ്രവർത്തനക്ഷമമാക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള തൻവർഷത്തെ 2,61,765/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർമ്മാണം പൂർത്തിയാക്കാത്ത പകൽവീട്

ഉപകരണങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല

1-20 വനിതാ ഫിറ്റ്നെസ്സ് സെന്റർ - തുടർപ്രവർത്തങ്ങൾ സജ്ജമാക്കാത്തത്

ഓഡിറ്റ് വർഷം സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി ഉഴവൂർ ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിൽ വനിതാ ഫിറ്റ്നെസ് സെന്ററുകൾ/കുട്ടികളുടെ പാർക്ക് സ്ഥാപിയ്ക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	ഏജൻസി	അഭിപ്രായം
1	145/23 ചിറയിൽകുളം കുട്ടികളുടെ പാർക്ക് ഉപകരണങ്ങൾ വാങ്ങൽ	198900 (Bil No-425/23.3.23)	ഡെൽറ്റാ എൻജിനീയറിംഗ് സിസ്റ്റംസ്	പാർക്കിലെ ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി രേഖകൾ ഇല്ല
2	189/23 ഉഴവൂർ ചിറയിൽകുളം വനിതാ ഫിറ്റ്നെസ് സെന്റർ	199940 (Bill No-430/24.03.23-84900/- 435/24.03.23-54600/- 436/24.03.23-60440/-	റിലയബിൾ ട്രേഡേഴ്സ് വിജിൽ എക്യുപ്മെന്റ്സ് ആന്റ് ക്ലോത്തിംഗ്	ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി രേഖകൾ ഇല്ല. കൂടാതെ ഓപ്പൺ ജിം ആയതിനാൽ ഉപകരണങ്ങളുടെ പരിപാലനം തൃപ്തികരമല്ല.
3	190/23 കുറവിലങ്ങാട് കാളിയാർ തോട്ടം വനിതാ ഫിറ്റ്നെസ് സെന്റർ	200000 (Bill No. 431/24.03.23- 17500/- 432/24.03.23-85000/- 434/24.03.23-97500/-	റിലയബിൾ ട്രേഡേഴ്സ് വിജിൽ എക്യുപ്മെന്റ്സ് ആന്റ് ക്ളോത്തിംഗ്	ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി രേഖകൾ ഇല്ല.
4	176/23 കാണക്കാരി ചിറയിൽകുളം വനിതാ ഫിറ്റ്നെസ് സെന്റർ	300000 (Bill No-376/15.03.23)	വിജിൽ എക്യുപ്മെന്റ്സ് ആന്റ് ക്ലോത്തിംഗ്	ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി രേഖകൾ ഇല്ല.
5	177/23 മാഞ്ഞൂർ ഓമല്ലൂർ വനിതാ ഫിറ്റ്നെസ് സെന്റർ	300000	വിജിൽ എക്യുപ്മെന്റ്സ് ആന്റ് ക്ലോത്തിംഗ്	മാതൃകാപരമായി പ്രവർത്തിയ്ക്കുന്നു.
6	178/23 വെളിയന്നൂർ കുടുംബാരോഗ്യകേന്ദ്രം വനിതാ ഫിറ്റ്നെസ് സെന്റർ	300000 (Bill No-374/15.03.23)	വിജിൽ എക്യുപ്മെന്റ്സ് ആന്റ് ക്ലോത്തിംഗ്	ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി രേഖകൾ ഇല്ല.
7	179/23 കടപ്ലാമറ്റം വനിതാ ഫിറ്റ്നെസ് സെന്റർ	300000 (Bill No-370/14.03.23)	വിജിൽ എക്യുപ്മെന്റ്സ് ആന്റ് ക്ലോത്തിംഗ്	ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി രേഖകൾ ഇല്ല.
	ആകെ	1798840/-		

വെളിയന്നൂർ ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് സെന്റർ



പ്രോജക്റ്റ് ഫയലുകൾ പരിശോധിച്ചതിലും, 24.06.2023ൽ നടത്തിയ ഭൗതിക പരിശോധനയിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങി നൽകി എന്നല്ലാതെ തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ – ഫിറ്റ്നെസ് സെന്ററുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ പ്രോജക്റ്റ് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.മാഞ്ഞൂർ ഗ്രാമപഞ്ചായത്തൊഴികെ മറ്റ് പഞ്ചായത്തുകളിൽ വനിതാ ഫിറ്റ്നെസ് സെന്റർ പ്രവർത്തിക്കുന്നതിന്റെ രേഖകൾ ഇല്ല.

3. ഒരു ട്രെയിനറെ പോസ്റ്റ് ചെയ്യേണ്ട സാഹചര്യമുണ്ടോ എന്നുള്ളതും, ഫിറ്റ് നെസ് സെന്ററുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണോ എന്നതും വ്യക്തമാക്കിയിട്ടില്ല.

4. വൻ തുക ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. (ഉദാഹരണത്തിന് കാണക്കാരി, വെളിയന്നൂർ, കടപ്ലാമറ്റം എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഫിറ്റ്നെസ് സെന്ററുകൾക്ക് നൽകിയ മ്യൂസിക് സിസ്റ്റം).

മേൽ സൂചിത അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മാഞ്ഞൂർ ഒഴികെ ഗ്രാമപഞ്ചായത്തുകൾക്കായി ചെലവഴിച്ച 14,98,840/- രൂപ തടസ്സപ്പെടുത്തുന്നു.

കാണക്കാരി ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് സെന്റർ

<u>1-21 കുടിവെള്ളപദ്ധതികൾ -പ്രോജക്ട് സമഗ്രമായി തയ്യാറാക്കപ്പെടുന്നില്ല</u>

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.6 കുറിപ്പ് 3 പ്രകാരം കുടിവെള്ള പദ്ധതികൾ അവയുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ സമിതിയെ ഏല്പിക്കേണ്ടതും അപ്രകാരം ഏറ്റെടുക്കാമെന്ന കരാർ വെച്ചതിനു ശേഷമേ പ്രവൃത്തി നിർവ്വഹണം നടത്താവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ താഴെ ചേർക്കുന്ന കുടിവെള്ള പദ്ധതികൾക്കായി പദ്ധതിത്തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയവ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇനങ്ങൾ പ്രോജക്റ്റിലുൾപ്പെടുത്തിയിരുന്നില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കിണർ നിർമ്മാണം, ടാങ്ക് നിർമ്മാണം പമ്പിംങ്ങ് മെയിൻ സ്ഥാപിക്കൽ, വിതരണ ലൈനുകൾ, മോട്ടോർ സ്ഥാപിക്കൽ എന്നിവയിൽ ചില ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയാണ് പ്രോജക്റ്റുകൾ തയ്യാറാക്കിയിരുന്നത്. സഉ(കൈ)നം 115/2022/തസ്വഭവ തീയതി 28/05/2022 6.6-7-iv പ്രകാരം എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്റ്റിലുൾപ്പെടുത്തണമെന്നതും ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ പാലിച്ചിരുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ഭാഗികമായി മാത്രം നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	ഫണ്ടിനം	തൻവർഷം നടപ്പാക്കിയ ഭാഗിക പ്രവൃത്തികൾ
1	15/23	കപ്പക്കരതടം കുടിവെള്ള പദ്ധതി-മൂന്നാം ഘട്ടം	94901	തനതുഫണ്ട്	പൈപ്പ് ലൈൻനീട്ടൽ
2	16/23	കുന്നത്തേൽ കുടിവെള്ള പദ്ധതി	178378 59587	ധനകാര്യകമ്മീഷൻ ഗ്രാന്റ് തനതുഫണ്ട്	പമ്പിങ്ങ് ഡിസ്ട്രിബ്യൂഷൻ പൈപ്പ്

					ലൈൻ നീട്ടൽ ,കിണർ വൃത്തിയാക്കൽ
3	4/23	കുന്നത്തേൽ കുടിവെള്ള പദ്ധതി	427965	ധനകാര്യകമ്മീഷൻ ഗ്രാന്റ്"	വാട്ടർ ടാങ്ക് നിർമ്മാണം
4	5/23	ചില്ലിക്കുന്ന് കുടിവെള്ള പദ്ധതി-കുടപ്പുലം സ്വജൽ ധാര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ	660653	ധനകാര്യകമ്മീഷൻ ഗ്രാന്റ്	പൈപ്പ് ലൈൻനീട്ടൽ, കിണർ ആഴം കൂട്ടൽ
5	19/23	മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ മഞ്ഞപ്പാട്ട് ലക്ഷംവീട് കുടിവെള്ള പദ്ധതി	89118	ധനകാര്യകമ്മീഷൻ ഗ്രാന്റ്	വാട്ടർ ടാങ്ക് ബേസ് പമ്പിങ്ങ് ലൈൻ സ്ഥാപിക്കൽ
6	6/23	കടപ്ളാമറ്റം പഞ്ചായത്തിൽ വെള്ളാച്ചാൽ-കുത്താക്കൽ കുടിവെള്ള പദ്ധതി	393853	ധനകാര്യകമ്മീഷൻ ഗ്രാന്റ്	വാട്ടർ ടാങ്ക് നിർമ്മാണം
7	2/23	കപ്പക്കരത്തടം കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം	478272	ധനകാര്യകമ്മീഷൻ ഗ്രാന്റ്	വാട്ടർ ടാങ്ക് നിർമ്മാണം
8	24/23	കപ്പക്കരത്തടം കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം	245654	ധനകാര്യകമ്മീഷൻ ഗ്രാന്റ്	പൈപ്പ് ലൈൻനീട്ടൽ,

ടി കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ, പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം, ഗുണഭോക്തൃ സമിതിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/25.06.2023) എല്ലാ കുടിവെള്ള പദ്ധതികളും നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയെങ്കിലും മറ്റ് അപാകതകൾക്കുള്ള വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയില്ല. കുടിവെള്ള പദ്ധതികൾ പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം, കരാർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും

പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിച്ചതിന്റേയും കുടിവെള്ള പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചതിന്റേയും വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതികളുടെ നിലവിലെ പ്രവർത്തനക്ഷമത സംബന്ധിച്ച ആധികാരികമായ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

1-22 കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രം- മുൻകൂറായി തുക ചെലവഴിച്ചെങ്കിലും ലാപ്ടോപ് ലഭ്യമായില്ല

പ്രോജക്ട്	കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് ഫർണിച്ചർ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ 66/22-23
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി എച്ച് സി,കടപ്ലാമറ്റം
അടങ്കൽ തുക/ഫണ്ടിനം	178130- മെയിന്റനൻസ് ഫണ്ട് റോഡിതരം (163130), തനത് ഫണ്ട്(15000)
ചെലവഴിച്ച തുക	163130- മെയിന്റനൻസ് ഫണ്ട് റോഡിതരം

മേൽ പ്രോജക്ടിനായി 35/12.01.2023 ബിൽ പ്രകാരം 94564 രൂപ കെൽട്രോണിന് ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനായി സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (കെൽട്രോണിന്റെ TVM/ITBG/P1/RC/40878/20-21 പെർഫോർമ ഇൻവോയ്സ് പ്രകാരം ഡെസ്ക്ടോപ്പ് വില – 46,288, ലാപ്ടോപ്പ് വില – 48,276). ഡെസ്ക്ടോപ്പ് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയെങ്കിലും ലാപ്ടോപ്പ് ലഭ്യമായതായി കാണുന്നില്ല. ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27.06.2023) ന് മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പ് ലഭ്യമാകാത്ത സാഹചര്യത്തിൽ ലാപ്ടോപ്പിനായി കൈമാറിയ തുകയായ 48,276/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലാപ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രം - പ്രോജക്ട് നിർവ്വഹണം - 6618/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമായില്ല

2022-23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ മെഡിക്കൽ ഓഫീസർ, സി എച്ച് സി കടപ്ലാമറ്റം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	ചെലവഴിച്ച തുക/ഫണ്ടിനം	ബിൽ നം	റിമാർക്സ്
കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രം - ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് 35/22-23	95000 -മെയിന്റനൻസ് ഫണ്ട് റോഡിതരം	15/17.09.2022	ബിൽ പ്രകാരം 6618 രൂപ കണ്ടിൻജന്റ് ഇനത്തിൽ ചെലവഴിച്ചെങ്കിലും വിവരങ്ങൾ/രേഖകൾ ലഭ്യമാക്കിയില്ല.

ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/27.06.2023) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച 6618/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട വിവരങ്ങൾ/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-24 പഠനമുറി നിർമ്മാണം -പൂർത്തിയാക്കിയിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിനിർമ്മാണം എന്ന പദ്ധതിയുടെ ഭാഗമായി ആകെ 21 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ടി ഗുണഭോക്താക്കളിൽ മൂന്ന് പേർ പഠനമുറിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	57/23
അടങ്കൽ	4200000
ചെലവ്	3900000

നിലവിൽ പദ്ധതിയുടെ ഭാഗമായുണ്ടായിരുന്ന 3 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവ്	തുക കൈപ്പറ്റിയതിന്റെ വിവരം	ആകെ
ആവണി അനിൽ പക്കതീനിയിൽ ഇടയ്ക്കാട്-കടപ്ലാമറ്റം	50000 75000	125000
ഗൗരി നന്ദ ഗിരീഷ് ചക്കനോലിൽ മോനിപ്പിള്ളി	50000 75000	125000
അർച്ചന ചന്ദ്രൻ കുറ്റിയാങ്കൽ	50000	50000

	കുന്നേൽ വെള്ളിലാപ്പള്ളി		

ടി ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, പൂർത്തീകരിക്കുവാൻ സാധിക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

<u>1-25 രാമപുരം കുടുംബാരോഗ്യകേന്ദ്രം - പ്രോജക്ട് ചെലവ് വിവരങ്ങൾ /രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല.</u>

2022-23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ/രജിസ്റ്ററുകൾ രാമപുരം മെഡിക്കൽ ഓഫീസർ,സി എച്ച് സി ലഭ്യമാക്കിയില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട്	ചെലവഴിച്ച തുക/ഫണ്ടിനം	ബിൽ നം.	റിമാർക്ക്സ്
1	രാമപുരം എഫ് എച്ച് സിയിലെ ഫാർമസിസ്റ്റിന് വേതനം 33/22-23	222578/- വികസന ഫണ്ട്(ജനറൽ)	2/6.6.22-13933 4/12.7.22-10645 5/12.7.22-22000 10/26.8.22-22000 19/03.9.22-22000 22/7.10.22-22000 25/17.11.22-22000 28/7.12.22-22000 31/19.1.23-22000 33/6.2.23-22000 37/21.3.23-22000	ജീവനക്കാരിയുടെ ഹാജരുമായി ബന്ധപ്പെട്ട ഒരു വിവരവും ലഭ്യമാക്കിയില്ല. ചെലവ് തുക -222578
2	രാമപുരം കുടുംബാരോഗ്യകേന്ദ്രം - ദൈനംദിന ചെലവുകൾ 68/22-23	599838- മെയിന്റനൻസ് ഫണ്ട് (റോഡിതരം)	13/22.09.22-15759 18/22.09.22-211643 23/2.10.22-93656 26/01.12.22-62441 30/30.12.22-46275 35/10.2.23-99802 38/21.03.23-25689 40/31.03.23-44573	ജനറേറ്ററിന് ഡീസൽ വാങ്ങുന്നതിനായി 31259 ചെലവഴിച്ചെങ്കിലും ലോഗ് ബുക്ക് ലഭ്യമാക്കിയില്ല. കൂടാതെ ബിൽ 40/31.03.23 പ്രകാരം 44573/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
3.	ദ്വിതീയ സാന്ത്വന പരിപാലന പദ്ധതി - രാമപുരം കുടുംബാരോഗ്യകേന്ദ്രം	99611 – വികസന ഫണ്ട് (ജനറൽ)	3/12.05.22-86395 6/26.05.2022-13216	99611 രൂപ മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്.. സ്റ്റോക്ക്

	41/22-23 (സ്പിൽ ഓവർ പ്രോജക്ട്)			രജിസ്റ്റർ ലഭ്യമാക്കിയില്ല.
4.	രാമപുരം കുടുംബാരോഗ്യകേന്ദ്രം മരുന്ന വാങ്ങൽ 37/22-23	99407- മെയിന്റനൻസ് ഫണ്ട് (റോഡിതരം)	16/30.09.22-27260 44/29.03.22-72147	മരുന്നുകൾ/ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ/മറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല. ചെലവ് തുക – 99407/-

വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/27.06.2023) മറുപടി ലഭ്യമാക്കിയില്ല. രാമപുരം സി. എച്ച്.സി.യിലെ വിവിധ വികസന പ്രവൃത്തികൾക്കായി 17 ലക്ഷം രൂപയോളം (1695655 രൂപ) ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ അനുബന്ധരേഖകൾ ലഭ്യമാക്കുകയോ നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു. വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആധികാരിക രേഖകൾ/രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 4,97,428/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-26 കില സി.എച്ച്.ആർ.ഡി വനിതാ ഹോസ്റ്റലിന് വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല</u>

കില സി.എച്ച്.ആർ.ഡി.ക്ക് വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പ്രോജക്ട് നം.166/23 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 300000 രൂപ (ബിൽ നം.53/22-23/02.02.23) കില ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/26.06.23) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതുവരെ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-27 രാമപുരം സി എച്ച് സി നവീകരണം - അനുബന്ധപ്രവർത്തനങ്ങൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.</u>

പ്രോജക്ട്	രാമപുരം സി എച്ച് സി നവീകരണം - അനുബന്ധ പ്രവർത്തനങ്ങൾ 102/22-23
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി എച്ച് സി,രാമപുരം
അടങ്കൽ തുക/ഫണ്ടിനം	260000- മെയിന്റനൻസ്

	ഫണ്ട് റോഡിതരം
ചെലവഴിച്ച തുക	260000-17/03.09.2022

മേൽ പ്രോജക്ട് പ്രകാരം രാമപുരം സി എച്ച് സി.യുടെ നവീകരണത്തിനായി ആരോഗ്യകേരളം കോട്ടയത്തിന് 2,60,000/- രൂപ കൈമാറിയതായി കാണുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 2,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

1. കടപ്ലാമറ്റം സി.എച്ച്.സി

പ്രോജക്ട് നം/പേര്	കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ 34/22-23
ചെലവ്	500000
ഫണ്ടിനം	സംരക്ഷണ ഗ്രാന്റ് (റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടപ്ലാമറ്റം

മേൽ പ്രോജക്ടിനായി 35/12.01.2023 ബിൽ പ്രകാരം 232216 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. കൂടാതെ 51/28.03.2023 നം. ബിൽ പ്രകാരം സപ്ലൈകോയ്ക്ക് 5396 രൂപ മരുന്നു വാങ്ങുന്നതിനായി കൈമാറിയെങ്കിലും മരുന്നു ലഭ്യമായതായി കാണുന്നില്ല. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (1/23.06.2023, 18/27.06.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ 2,37,612/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. കടപ്ലാമറ്റം സി.എച്ച്.സി

പ്രോജക്ട് നം/പേര്	ദ്വിതീയ സാന്ത്വന പരിപാലന പദ്ധതി - കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രം 40/22-23
ചെലവ്	450000
ബിൽ നം.	52/28.03.23
ഫണ്ടിനം	വികസന ഫണ്ട്,

	പൊതുവിഭാഗം
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടപ്ലാമറ്റം

മേൽ പ്രോജക്റ്റിനായി 40,567 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും ഉപകരണങ്ങൾ /മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ആയവ ലഭ്യമായതായി കാണുന്നില്ല. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/27.06.2023) മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ /മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 40,567/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ /മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

3. <u>കെ.ആർ.നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഉഴവൂർ</u>

പ്രോജക്റ്റ് നം/പേര്	ഉഴവൂർ സി എച്ച് സിക്ക് മരുന്നു വാങ്ങൽ 26/22-23
ചെലവ്	599885-മെയിന്റനൻസ് ഫണ്ട് റോഡിതരം
ബിൽ നം.	15/22/30.12.2021
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, കെ.ആർ.നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഉഴവൂർ

മേൽ പ്രോജക്റ്റിനായി 11/30.11.2022 ബിൽ പ്രകാരം 2,08,152/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തതായി കാണുന്നു. മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/23.06.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 2,08,152/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>4.കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രി</u>

പ്രോജക്റ്റ്	ദ്വിതീയ സാന്ത്വന പരിപാലന പദ്ധതി – കുറവിലങ്ങാട് താലൂക്ക് ആശുപത്രി 38/22-23
നിർവ്വഹണോദ്യോഗസ്ഥൻ	സൂപ്രണ്ട്, കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രി
അടങ്കൽ തുക/ഫണ്ടിനം	600000-വികസന ഫണ്ട്

	ജനറൽ
ചെലവഴിച്ച തുക	600000

മേൽ പ്രോജക്ടിനായി 8/31.10.2022 ബിൽ പ്രകാരം 2,56,798/- രൂപയും 14/30.12.2022 ബിൽ പ്രകാരം 4699/- രൂപയും കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്ന് /ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിട്ടുണ്ടെങ്കിലും ആയവ ലഭ്യമായതായി കാണുന്നില്ല. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് (2/23.06.2023) മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ/മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുകയായ 2,61,497/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ /മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

5.കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രി

പ്രോജക്ട്	കുറവിലങ്ങാട് താലൂക്ക് ആശുപത്രി - മരുന്നു വാങ്ങൽ 12/22-23
നിർവ്വഹണോദ്യോഗസ്ഥൻ	സൂപ്രണ്ട്,കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രി
അടങ്കൽ തുക/ഫണ്ടിനം	900000-മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവഴിച്ച തുക	900000

മേൽ പ്രോജക്ടിന്റെ ഭാഗമായി 28/09.03.2023 ബിൽ പ്രകാരം 3,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തതായി കാണുന്നു. മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (2/23.06.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുകയായ 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളത്തിന് സമീപമുള്ള പൊതുശൗചാലയ കോംപ്ലക്സിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിലേക്കായി അസിസ്റ്റന്റ് എഞ്ചിനിയർ ഇലക്ട്രിക്കൽ സെക്ഷൻ കുറുപ്പന്തറയ്ക്ക് വികസനഫണ്ടിൽ നിന്നും (ബിൽ നം.64/22-23/23.03.23) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 31094 രൂപ മുൻകൂറായി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/26.06.23) കെ.എസ്.ഇ.ബിയിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 31,094/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

2022-23 ലെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 23/06/2023-ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്,	2022-23	680000	പി.എം.എ.വൈ. ഭവന	680000	0

കോട്ടയം			നിർമ്മാണം അധിക ധനസഹായം (ജനറൽ) 54/2022-23		
,,	2022-23	590500	പി.എം.എ.വൈ. ഭവന നിർമ്മാണം അധിക ധനസഹായം (ജനറൽ) 53/2022-23	590500	0
,,	2022-23	447914	രാമപുരം പഞ്ചായത്ത് അംബേദ്കർ കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം 160/22-23	447914	
ആകെ		1718414		1718414	

4-3 ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം

ക്രമ നം	പ്രോജക്ട് നം, പ്രോജക്ടിന്റെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക	സ്ഥാപനം
1.	നം.102/22-23 രാമപുരം സി.എച്ച്.സി. നവീകരണം അനുബന്ധപ്രവർത്തനങ്ങൾ	260000/-	0	260000/-	ആരോഗ്യ കേരളം കോട്ടയം
2	നം 187/22-23 കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളത്തിന് സമീപമുള്ള പൊതുശൗചാലയ കോംപ്ലക്സിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ	31094	0	31094/-	കെ എസ് ഇ ബി

തൻവർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം 3,644,656/- രൂപ ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ ഇനത്തിൽ ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട് (ഷെഡ്യൂൾ 1.14(a).

ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവിന്റെ ക്രമീകരണം/വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം വായ്പയിനത്തിൽ തുക എടുക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന മുതൽ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ഐഎവൈ ഭവനപദ്ധതി	12600000	10555053	0	0	10555053

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-14	2009-10	2-9	മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിച്ചില്ല	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്

1999-2000	24	2001-02	5-4	ഉഴവൂർ ഡയറി യൂണിറ്റ് പദ്ധതി നടത്തിപ്പിലെ അപാകതകൾ	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

തൻവർഷം ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	75,923,411
ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)		52,086,932
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	66,698,083
ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)		61,773,335
വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	4,825,750

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	5,00,000	ശ്രീ.ഷാജി എം.ഇ., സെക്രട്ടറി
1-17	2,65,901	ഡോ.ജെസ്സി ജോയി, സൂപ്രണ്ട്, കെ.ആർ.എൻ.എം.എസ്.ഹോസ്പിറ്റൽ, ഉഴവൂർ
1-18	1,08,000	ഡോ.വി.എൻ.സുകുമാരൻ, മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്, സി.എച്ച്.സി., രാമപുരം
1-19	2,61,765	ശ്രീമതി ജയശ്രീ എം., അസിസ്റ്റന്റ് എഞ്ചിനീയർ

1-20	14,98,840	ശ്രീമതി ടിൻസി രാമകൃഷ്ണൻ, സി.ഡി.പി.ഒ.
1-22	48,276	ഡോ.സജിതാ ജോർജ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കടപ്ലാമറ്റം
1-23	6,618	ഡോ.സജിതാ ജോർജ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കടപ്ലാമറ്റം
1-25	4,97,428	ഡോ.വി.എൻ.സുകുമാരൻ, മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്, സി.എച്ച്.സി., രാമപുരം
1-26	3,00,000	ശ്രീ.ഷാജി എം.ഇ., സെക്രട്ടറി
1-27	2,60,000	ഡോ.വി.എൻ.സുകുമാരൻ, മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്, സി.എച്ച്.സി.,രാമപുരം
1-28-1	2,37,612	ഡോ.സജിതാ ജോർജ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കടപ്ലാമറ്റം
1-28-2	40,567	ഡോ.സജിതാ ജോർജ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കടപ്ലാമറ്റം
1-28-3	2,08,152	ഡോ.ജെസ്സി ജോയി, സൂപ്രണ്ട്, കെ.ആർ.എൻ.എം.എസ്.ഹോസ്പിറ്റൽ, ഉഴവൂർ
1-28-4	2,61,497	ഡോ.സാം പോൾ, സൂപ്രണ്ട്, കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി
1-28-5	3,00,000	ഡോ.ആരതി രഞ്ജിത്, സൂപ്രണ്ട്, കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി
1-29	31,094	ശ്രീ.ഷാജി എം.ഇ., സെക്രട്ടറി
ആകെ	**4,825,750**	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99	നം.എൽ.എഫ്.കെ.പി.1/763/01/7.11.03	
1999-2000	നം.എൽ.എഫ്.കെ.പി.224/(1)12/26.10.13	
2000-01,01-02	നം.എൽ.എഫ്.കെ.പി.45(3)12/26.10.13	
2002-03	നം.എൽ.എഫ്.കെ.പി.4/224(3)12 /26.10.13	
2003-04	നം.എൽ.എഫ്.കെ.പി.4/224(4)/12/ 26.10.13	
2004-05	നം.എൽ.എഫ്.കെ.പി1/308/07/7.5.07 /14.9.07	
2005-06	നം.എൽ.എഫ്.കെ.പി.4/224(5) /12/11.5.12	
2006-07	നംഎൽ.എഫ്.കെ.പി.4/224/12/13.4.12	
2007-08	നം.എൽ.എഫ്.കെ.പി.4/250/11/31.3.12	
2008-09	നം.എൽ.എഫ്.കെ.പി.4/251/11/31.8.12	
2009-10	നം.എൽ.എഫ്.കെ.പി.4/252/11/31.3.12	
2010-11	നം.എൽ.എഫ്.കെ.പി.4/1589/11/1.12.12	
2011-12	**കെ.എസ്.എ.കെ.ടി.എം.പി.15/751/23/ 20.05.2023**	5
2012-13	കെ.എസ്.എ.കെ.ടി.എം പി.15/751/2023 തീയതി 20.05.2023	10
2013-14, 2014-15	കെ.എസ്.എ.കെ.ടി.എം.പി.15/751/23 തീയതി 20.05.2023	5
2015-16	നം.കെ.എസ്.എ.കെ.ടി.എം.പി15/751/23/ 20.05.2023	5
2016-17	നം.കെ.എസ്.എ.കെ.ടി.എം.പി15/751/23/ 20.05.2023	4
2017-18	നം.കെഎസ്എ.കെടിഎം.പി.15/751/23/ 20.05.2023	6
2018-19	നം.കെഎസ്എ.കെടിഎം.പി.15.639/20 /04.09.20	11

2019-20	നം.കെഎസ്എ.കെടിഎം.പി.15.773/22 /12.09.2022	6
2020-21	നം.കെഎസ്എ.കെടിഎം.പി.15.774/22 /12.09.22	15
2021-2022	നം.കെഎസ്എ.കെടിഎം.പി.15.2597/22 /23.02.23	25

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 7(13) dated 7(13) dated 23-05-2023 and submitted on 17-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Uzhavoor Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Uzhavoor Block Panchayat for the year 2022-2023

Date: 02/09/2023 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Uzhavoor Block Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1. All mandatory financial statements prescribed in accounting rules are not submitted for audit (Eg:-Ratios, Notes on accounts etc.)
2. Valuation of assets is not done and asset register is not updated

3.Documents for verification of Panchayath general fund and capital contribution accounted not provided.

4. Accumulated depreciation value of vehicles exceeds its net asset value

5. The registers are not maintained to substantiate financial statements (ACR for earmarked special funds and Government Other dues register)

6. D.C. B of Rent is not properly maintained

7.The amount advanced in K.S.E.B for deposit work is not accounted in Advance Account Head

8.The Expenditure of Maintainance Grant non road as per the ACR is not tallying with Sulekha statement and AFS

9.The amount refunded to the Government still shown as liability in B 4 Schedule

10.Capital Work in Progress Details and Registers are not kept.

SENIOR DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

DATE : 02.09.2023

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്